(ബി) വിമാന ടിക്കറിന്റെ വില ഉൾപ്പെടെ 74,120 രൂപ ഡൽഹി യാത്രകൾക്ക് ചെലവായിട്ടുണ്ട്. ഇതിൽ 11,405 രൂപ ഇൻസിഡൻറൽ ചാർജും ഡി. എ. യും ഇനത്തിൽ ചെലവായിട്ടുള്ളതാണ്. മറ്റു സ്ഥലങ്ങളിലേയ്ക്കുള്ള യാത്രകളോടൊപ്പമാണ് കോഴിക്കോട്ടേക്കും ഗുരുവായൂർക്കും പോയിട്ടുള്ളത്. എന്നതുകൊണ്ട് ഇതിലേയ്ക്കുള്ള ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. ഔദ്യോഗിക പരിപാടികളില്ലാത്ത ഗുരുവായൂർ യാത്രയ്ക്ക് ടി. എ. വാങ്ങിയിട്ടില്ല.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സെമിനാറുകൾക്ക് ധനസഹായം

711 [836] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കമ്മിറ്റി 1983–84, 1984–85, 1985–86 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ ഏതെല്ലാം സെമിനാറുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിനും എത്ര രൂപ വീതം;

(സി) ഏതെല്ലാം പ്രോജക്ടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; എത്ര രൂപ വീതം;

(ഡി) പ്രോജക്ടുകൾ ഏറെടുത്തത് ആരെല്ലാം എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സെമിനാർ, വർക്ക്ഷോപ്പ്, സിമ്പോസിയം ഇവയ്ക്കായി 1983–84-ൽ 80,750 രൂപയും 1984–85-ൽ 77,131 രൂപയും 1985–86-ൽ 2,42,195 രൂപ 28 പൈസയും ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ഒന്ന്, രണ്ട്, മൂന്ന് എന്നിവയിൽ യഥാക്രമം ഇതോടൊപ്പം ചേർത്തിട്ടുണ്ട്‡.

(സി, ഡി) 1983.84-ൽ 2 പ്രോജക്ടുകൾക്കായി 62,000 രൂപയും 1984.85-ൽ 28 പ്രോജക്ടുകൾക്കായി 4,87,362 രൂപയും 1985.86-ൽ 55 പ്രോജക്ടുകൾക്കായി 10,62,242 രൂപ 50 പൈസയും ധനസഹായം നൽകിയിട്ടുണ്ട്. ഓരോ പ്രോജക്ടിനും അനുവദിച്ച ധനസഹായവും അത് ഏറെടുത്തു നടത്തിയ സ്ഥാപനത്തിന്റെ പേരും അനുബന്ധം നാല്, അഞ്ച്, ആറ് എന്നിവയിൽ യഥാക്രമം ചേർത്തിട്ടുണ്ട്.

''ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്-ൽ (ഐ. എം. ജി.) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ''

712 [837] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ് (ഐ. എം. ജി.) എന്ന സ്ഥാപനത്തിൽ മൊത്തം എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്;

‡ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ ഓരോ തസ്തികയിലും എത്ര പേർ വീതം; ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്ര പേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ 30 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്.

(ബി)

അസിസ്റ്റന്റ് ഡയറക്ടർ	6
അക്കൗണ്ട്സ് ഓഫീസർ	1
സെക്യൂരിറ്റി ഓഫീസർ	1
സെക്ഷനാഫീസർ	3
ലക്ച്ചറർ	2
സ്പെഷ്യൽ ഓഫീസർ	1
അസോസിയേറ്റ് ഫെല്ലോ	8
അസോസിയേറ്റ് പ്രൊഫസർ	1
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
അസിസ്റ്റന്റ്	5
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	2
പഞ്ച് കാർഡ് ഓപ്പറേറ്റർ	1
ഡ്രൈവർ സ്റ്റെനോ	1
ക്ലറിക്കൽ അസിസ്റ്റന്റ്	1
പ്യൂൺ	1

ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ആരുമില്ല.

സെക്രട്ടേറിയറ്റ് ജീവനക്കാർ

713 [838] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാരുണ്ട്;

(ബി) അതിൽ ഗസറ്റഡ് ഓഫീസേഴ്സ്, നോൺ ഗസറ്റഡ് ഓഫീസേഴ്സ്, ഐ. എ. എസ്സ്. കാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ ഇവർ ഓരോരുത്തരും എത്രവീതം;

(സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) സെക്രട്ടറിമാരിലും അഡീഷണൽ സെക്രട്ടറിമാരിലും പട്ടികജാതി പട്ടികവർഗ്ഗക്കാർ എത്ര?

ഉത്തരം

(എ) 3851

LIBRARY ARCHIVES Kerala Legislative Assembly